# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3166 — 11.12.2014 ൽ മറുപടിയ്ക്ക്

### വിലക്കയറ്റം തടയുന്നതിന് സപ്ലൈകോ മുഖേന അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ശശി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അവശ്യ സാധനങ്ങളുടെ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിലവർദ്ധനവ് കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) സംസ്ഥാനത്ത് നേരിയ തോതിലുള്ള വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിൽ ഉണ്ടാകുന്ന അവശ്യ വസ്തുക്കളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിപണിയിലുണ്ടാകുന്ന വിലവർദ്ധന പിടിച്ച് നിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനുമായി സപ്ലൈകോ മുഖേന നടപ്പിലാക്കിയിട്ടുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു. ഫലപ്രദമായ വിപണിയിടപെടൽ പദ്ധതിയ്ക്കായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>(1). നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം പിടിച്ച് നിർത്തുന്നതിന് വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിറ്റുവരുന്നു.<br>2) പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട അരി, ജയ അരി, കുറുവ അരി) എന്നിവ കി. ഗ്രാമിന് 25 രൂപ നിരക്കിലും, പച്ചരി 23 രൂപ നിരക്കിലും പ്രതിമാസം കാർഡ് ഒന്നിന് 10 കി. ഗ്രാം വീതം വിതരണം ചെയ്തു വരുന്നു.<br>3). കൂടുതൽ വിൽപ്പനശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ തടസ്സമില്ലാതെ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി /തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 23 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ച് വരുന്നു. |

4). യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യു.

5). ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.

6). അരിയും, പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും 15% വരെ വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

7). പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പിപൊടി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തി വരുന്നു.

8). ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

9). സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

10). ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വില്പനയ്ക്ക് വയ്ക്കുന്നത്. ഇത്തരത്തിൽ വിപണിയിൽ ഫലപ്രദമായി ഇടപ്പെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

ഇത്തരത്തിൽ കുറഞ്ഞ വിലയ്ക്ക് വിപണിയിൽ ഗുണനിലവാരമുള്ള സ്റ്റോക്ക് എത്തിച്ച് വിലവർദ്ധന ഉണ്ടാക്കാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

കൂടാതെ കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് മുതലായവ നടത്തി കൃത്രിമ ക്ഷാമം സൃഷ്ടിച്ച് വിലക്കയറ്റം ഉണ്ടാക്കുന്നത് തടയുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിന്റെ നേതൃത്വത്തിൽ കർശന പരിശോധനകളും, റെയ്ഡുകളും നടത്തുകയും, ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

| | |
|---|---|
| (ബി) സപ്ലൈകോ വഴി സബ്സിഡി നൽകി വിതരണം ചെയ്യുന്ന 13 ഇനം സാധനങ്ങളായ ചെറുപയർ, ഉഴുന്ന്, വൻകടല, വൻപയർ, തുവരപരിപ്പ്, മുളക്, മല്ലി, പഞ്ചസാര, ജയ അരി, കുറുവ അരി, മട്ട അരി, പച്ചരി സോർട്ടക്സ്, വെളിച്ചെണ്ണ എന്നിവയുടെ 12.06.2014 ലെ വിലയും ഇപ്പോഴത്തെ വിലയും വെളിപ്പെടുത്തുമോ; | (ബി) വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു |
| (സി) വിലക്കയറ്റം തടയുന്നതിന് കമ്പോളത്തിൽ ഇടപെടുന്നതിനായി പൊതുവിതരണ രംഗത്തെ ഏതെല്ലാം ഏജൻസികളെയാണ് ആശ്രയിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (സി) ഭക്ഷ്യ വകുപ്പിനു കീഴിൽ സപ്ലൈകോ വഴി വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) കഴിഞ്ഞ പത്ത് വർഷക്കാലം വിപണിയിലെ ഇടപെടലിനായി സപ്ലൈക്കോ-യ്ക്ക് അനുവദിച്ച തുകയുടെ വിവരം വെളിപ്പെടുത്തുമോ? | (ഡി) വിശദാംശങ്ങൾ അനുബന്ധം രണ്ടായി ചേർക്കുന്നു. |

Beena

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

| ക്രമ നം. | ഇനം | 12.06.14 നിലവിലുണ്ടായിരുന്ന സബ്സിഡി വില (രൂപ) | നിലവിലെ സബ്സിഡി വില (രൂപ) |
|---|---|---|---|
| 1 | ചെറുപയർ | 55.00 | 74.00 |
| 2 | ഉഴുന്ന് (ബോൾ) | 42.00 | 66.00 |
| 3 | വൻകടല | 45.00 | 43.00 |
| 4 | വൻപയർ | 35.00 | 45.00 |
| 5 | തുവരപരിപ്പ് | 45.00 | 65.00 |
| 6 | മുളക് | 55.00 | 75.00 |
| 7 | മല്ലി | 60.00 | 112.00 |
| 8 | പഞ്ചസാര | 26.00 | 25.00 |
| 9 | പച്ചരി | 21.00 | 23.00 |
| 10 | കുറുവ അരി | 21.00 | 25.00 |
| 11 | മട്ട അരി | 21.00 | 25.00 |
| 12 | ജയ അരി | 21.00 | 25.00 |
| 13 | വെളിച്ചെണ്ണ (ഒരു ലിറ്റർ) | 52.00 | 139.00 |

Beena

സെക്ഷൻ ഓഫീസർ

# അനുബന്ധം - II

| ക്രമ നം. | വർഷം | അനുവദിച്ച തുക (കോടിയിൽ) |
|---|---|---|
| 1 | 2004-05 | 30.00 |
| 2 | 2005-06 | 10.00 |
| 3 | 2006-07 | 30.00 |
| 4 | 2007-08 | 50.00 |
| 5 | 2008-09 | 105.00 |
| 6 | 2009-10 | 83.00 |
| 7 | 2010-2011 | 76.31 |
| 8 | 2011-2012 | 118.35 |
| 9 | 2012-2013 | 135.00 |
| 10 | 2013-2014 | 110.00 |
| | | |

Beena

സെക്ഷൻ ഓഫീസർ